ഉഴുന്ന് പിളർപ്പ്, കടല (വലുത്), കടല (ചെറുത്), വൻപയർ, തുവരപ്പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, കടുക്, ജീരകം, ഉലുവ എന്നീ 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു കമ്പോളത്തിലെ വിലയേക്കാൾ 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറച്ച് സർക്കാർ അതാത് മാസം നിശ്ചയിക്കുന്ന വിലയ്ക്ക് വിറ്റുവരുന്നു. തന്മൂലം പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്.

(സി) നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനായി സർക്കാരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം സബ്സിഡി നൽകുന്നുണ്ട്. 1997 മുതൽ പ്രതിവർഷം സബ്സിഡിയായി ലഭിച്ചിട്ടുള്ള തുകയുടെ വിവരം താഴെക്കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1997-1998 | .. | 50 | കോടി രൂപ |
| 1998-1999 | .. | 50 | ,, |
| 1999-2000 | .. | 56.77 | ,, |
| 2000-2001 | .. | 37 | ,, |
| 2001-2002 | .. | 33 | ,, |
| 2002-2003 | .. | 50 | ,, |
| 2003-2004 | .. | 30 | ,, |

## പൊതുവിതരണ വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

31 [2894] ശ്രീ. റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഘട്ടംവരെയായി എന്നറിയിക്കാമോ?

### ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തെ ജില്ലാ സപ്ലൈ ആഫീസും 6 സബ് ആഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 13 ജില്ലാ സപ്ലൈ ആഫീസുകളിലും 63 താലൂക്ക് സപ്ലൈ ആഫീസുകളിലും കമ്പ്യൂട്ടർ റൂമുകളും ഫർണിച്ചറുകളും തയ്യാറാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിനെ സർക്കാരിന്റെ ഭരണ നവീകരണ പരിപാടികളിൽ ഉൾപ്പെടുത്തി സേവനദായക പദ്ധതി നമ്പർ 6 ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ വകുപ്പിന്റെ മൊത്തം പ്രവർത്തനവും അടുത്ത വർഷത്തോടുകൂടി കമ്പ്യൂട്ടർവൽക്കരിക്കപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly